# തൊഴിൽസഭ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ - കരട് (18-08-2022)

## ആമുഖം

1. അധികാരവികേന്ദ്രീകരണം സുസ്ഥിരമാക്കുന്നതിലേക്കായി രൂപീകരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം 25 വർഷങ്ങൾ പിന്നിടുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതാവർദ്ധനവ്, ആസൂത്രണ – നിർവ്വഹണ പ്രവർത്തനങ്ങളിൽ പ്രാപ്തി ആർജ്ജിക്കൽ, ദുരന്തങ്ങൾ അതിജീവിക്കാനുള്ള ശേഷി, സേവന-ക്ഷേമ-അടിസ്ഥാന സൗകര്യ വികസന മേഖലകളിലെ മുന്നേറ്റം ഇവയെല്ലാം ആർജ്ജിച്ചിട്ടുള്ളത് ദൃശ്യമായ കാര്യങ്ങളാണ്. എന്നാൽ സാമ്പത്തിക പദ്ധതികളുടെ ഫലപ്രാപ്തികുറവ്, കുറഞ്ഞ തൊഴിൽ സൃഷ്ടി നിരക്ക്, സംയോജന സാധ്യതകൾ പരിഗണിക്കാതെയുള്ള പദ്ധതി നിർവഹണം, നൂതന ആശയങ്ങളുടെ അഭാവം ഇവയെല്ലാം പോരായ്മകളായി നിലനിൽക്കുന്നു.

2. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യങ്ങളായ സുസ്ഥിരമായ സാമ്പത്തിക വികസനം, വിജ്ഞാന സമൂഹ സൃഷ്ടി, പ്രകൃതി വിഭവ സംരക്ഷണം, അതിജീവന ശേഷി വർദ്ധിപ്പിക്കൽ, ദാരിദ്ര്യനിർമ്മാർജ്ജനം ഇവ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തിവരുന്നത്. നവകേരളം കെട്ടിപ്പടുക്കുന്ന സമകാലിക സാഹചര്യത്തിൽ വർദ്ധിച്ചുവരുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം നമ്മുടെ സംസ്ഥാനം ഉടൻ അഭിമുഖീകരിക്കേണ്ടുന്ന ഒരു വെല്ലുവിളിയാണ്. തൊഴിൽ രഹിതരും അഭ്യസ്തവിദ്യരുമായ സ്ത്രീകൾ മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരുടെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ വിഷയമാണ്.

3. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഓരോ തദ്ദേശഭരണ സ്ഥാപനവും സ്വയംതൊഴിൽ, തൊഴിൽദായക സംരംഭങ്ങൾ, വിജ്ഞാന സമൂഹ സൃഷ്ടിയുടെ ഘടകങ്ങളിലൊന്നായ നൈപുണ്യ വികസനം എന്നിവക്കായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

4. ഈ ഒരു സാഹചര്യത്തിലാണ് അഞ്ചു വർഷം കൊണ്ട് ഇരുപത് ലക്ഷം പേർക്ക് തൊഴിൽ നൽകുന്ന പരിപാടിയിലേക്ക് സർക്കാർ കടന്നിരിക്കുന്നത്. ശക്തമാകുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയാണ് കേരളത്തിന് ഇക്കാര്യത്തിൽ വലിയ തോതിൽ ആശ്രയമാവുക. ഇതിന്റെ ഭാഗമായി കെ-ഡിസ്ക് കുടുംബ ശ്രീയുമായി ചേർന്ന് നടത്തിയ സർവ്വേയിൽ സംസ്ഥാനത്തൊട്ടാകെ 53 ലക്ഷത്തോളം തൊഴിലന്വേഷകർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 58% സ്ത്രീകളാണ്. ഈ ലിസ്റ്റിൽ നിന്നുമുള്ള 23 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള 29 ലക്ഷത്തോളം പേരെ കെ- ഡിസ്ക് തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റത്തിലേക്ക് (D.W.M.S) രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്നും

ഇരുപത് ലക്ഷം പേരെ ആവശ്യമായ പരിശീലനങ്ങൾ നൽകികൊണ്ട് തൊഴിലിലേക്കെത്തിക്കുന്ന പ്രവർത്തനമാണ് തുടർന്ന് നടക്കുക.

5. കൂടാതെ ആയിരത്തിൽ അഞ്ച് പേർക്കെങ്കിലും തൊഴിൽ നൽകുന്ന പ്രവർത്തനവും തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടന്നു വരുന്നുണ്ട്. തൊഴിൽ മേഖലകളും തൊഴിൽ ദായകരെയും സൃഷ്ടിച്ചു കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്ന പ്രവർത്തനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. ഇതിനായി പ്രത്യേക പ്രാദേശിക സാമ്പത്തിക വികസന മാർഗ്ഗ രേഖ പുറപ്പെടുവിക്കുന്നതാണ്.

6. പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗ രേഖകളിൽ സംരംഭക പ്രവർത്തനമടക്കമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾക്കുള്ള സഹായവും ഉൾകൊള്ളിച്ചിട്ടുണ്ട്. കൂടാതെ വ്യവസായം, ടൂറിസം, കൃഷി, സഹകരണം, മറ്റ് വികസന വകുപ്പുകൾ എന്നിവയുമായി ചേർന്ന് യോജിച്ച പ്രവർത്തനങ്ങൾക്കുള്ള നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. തൊഴിലന്വേഷിക്കുന്ന എല്ലാവർക്കും അവരവർക്ക് അനുയോജ്യമായ തരത്തിലുള്ള തൊഴിലുകൾ കേരളത്തിനകത്തും പുറത്തും, വീട്ടിനകത്തും (work from home) വീടിനു അടുത്തും (work near home) ലഭ്യമാക്കുന്നതിന് ആഗോള തലത്തിലുള്ള വൈവിദ്ധ്യമാർന്ന തൊഴിൽ വിപണിയെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് സുസ്ഥിര സാമ്പത്തിക വികസന ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിനായി ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള ഒരു ഉപാധിയായാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ തൊഴിൽ സഭകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

## തൊഴിൽസഭ

1. തൊഴിൽ സൃഷ്ടി എന്ന ബൃഹത്തായ ലക്ഷ്യത്തിനായി പ്രാദേശിക സാധ്യതകൾ കൂടി പരിഗണിച്ച് വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള പിന്തുണ നൽകുന്ന സൂക്ഷ്മതല ജനകീയ സംവിധാനമായാണ് തൊഴിൽ സഭകൾ വിഭാവനം ചെയുന്നത്.

2. തൊഴിൽ തേടുന്നവർ, സ്വയംതൊഴിൽ സംരംഭകർ, തൊഴിൽദായക സരംഭകർ, സംരംഭപുനരുജ്ജീവനം ആവശ്യമുള്ളവർ, സംരംഭകത്വ മികവ് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, നോളഡ്ജ് എക്കണോമി മിഷന്റെ ഭാഗമായി കുടുംബശ്രീ നടത്തിയ വിപുലമായ തൊഴിൽ സർവ്വേയിലൂടെ തൊഴിലിന് വേണ്ടി രജിസ്റ്റർ ചെയ്തവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരെ തദ്ദേശ ഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിളിച്ചു ചേർത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റ് സംവിധാനങ്ങളുടെയും സഹായത്തോടെ തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും പരിചയപ്പെടുത്തി തൊഴിൽ പ്രാപ്തമാക്കുന്നതടക്കമുള്ള സമഗ്രമായ തൊഴിലാസൂത്രണം നടത്തുന്നതിനാണ് തൊഴിൽസഭകൾ സംഘടിപ്പിക്കുന്നത്.

3. വൈജ്ഞ്ജാനിക സമൂഹസൃഷ്ടിക്കായി നൈപുണ്യ വികസനത്തിലൂടെ വിവിധ സാങ്കേതിക സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയുടെ സഹായത്തോടെ പുതിയ കാലത്തെ തൊഴിൽ-സംരംഭ  അവസരങ്ങൾ പ്രാപ്യമാക്കുന്നതിനു വേണ്ട പരിശീലന പരിപാടികളെയും അത്തരം സ്ഥാപനങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും തൊഴിൽസഭകളിലൂടെ അവസരമൊരുക്കും.  തൊഴിൽ സാധ്യതകൾ സംബന്ധിച്ച്   പ്രദേശികടിസ്ഥാനത്തിൽ സമഗ്രമായ തൊഴിൽ പദ്ധതി രൂപപ്പെടുത്തുക കൂടിയാണ് ഇതിന്റെ ലക്ഷ്യം. തൊഴിൽ അവസരങ്ങളെ പരിചയപ്പെടുത്തുന്നതിനും അതാതു പ്രദേശത്തുനിന്നും കേരളത്തിന് അകത്തും പുറത്തുമുള്ള സംരംഭകരെയും  തൊഴിൽദായകരെയും തൊഴിൽസഭകളിൽ പങ്കാളികളാവുന്ന അനുയോജ്യരായ തൊഴിലന്വേഷകരുമായി  ബന്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തൊഴിൽസഭകളുടെ തുടർച്ചയായി ആസൂത്രണം  ചെയ്യാൻ കഴിയും.

4. വ്യത്യസ്ത വകുപ്പുകളുടെയും ഏജൻസികളുടെയും   പ്രവർത്തനങ്ങളെ തദ്ദേശ സ്ഥാപനതലത്തിൽ  ഏകോപിപ്പിച്ചു കൊണ്ട് സർക്കാർ സംവിധാനങ്ങളുടെയും സ്വകാര്യ മേഖലയുടെയും സഹായങ്ങൾ തൊഴിൽ അന്വേഷകരിലേക്ക് നേരിട്ടെത്തിക്കുക എന്നതും തൊഴിൽസഭയുടെ ലക്ഷ്യമാണ്. തൊഴിൽ ലഭ്യമാക്കുന്നതിലേക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുകൂല അന്തരീക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ സൃഷ്ടിക്കുന്നതിന് ഇത് സഹായകമാവും. തൊഴിലന്വേഷകരെയും തൊഴിൽ സാധ്യതകളെയെയും സംബന്ധിച്ച കൃത്യമായ വിവരങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ ലഭ്യമാകുന്നതോടെ കൃത്യമായ തൊഴിലാസൂത്രണത്തിനും തൊഴിൽ പദ്ധതികൾ രൂപപ്പെടുന്നതിനുമുള്ള  സാഹചര്യമുണ്ടാവും.

5. വിവിധ വികസന വകുപ്പ് ഉദ്യോഗസ്ഥർ, വ്യവസായ വകുപ്പ് ഇന്റേൺ, കുടുംബശ്രീ എം.ഇ.സി, കെ-ഡിസ്ക് കമ്മ്യൂണിറ്റി അംബാസിഡർ, SC/ST  പ്രോമോട്ടർമാർ, എ.ഡി.എസ് പ്രതിനിധികൾ ,യൂത്ത് കോർഡിനേറ്റർ, പ്രേരക് മാർ, കിലയുടെ R.Pമാർ, പഞ്ചായത്ത് R.Pമാർ, വിവിധ വികസന വകുപ്പുകളിലെ പഞ്ചായത്തുതല കോർഡിനേറ്റർമാർ, സംഘാടക സമിതികളിലെ അംഗങ്ങൾ തുടങ്ങിയവർ നിർബന്ധമായും തൊഴിൽസഭയിൽ പങ്കെടുക്കേണ്ടതാണ്.

**തൊഴിൽസഭയുടെ ലക്ഷ്യങ്ങൾ**

1. ഓരോ പ്രദേശത്തുമുള്ള തൊഴിലന്വേഷകരെ അതാത് പ്രദേശങ്ങളിൽ തന്നെയുള്ളതും കൂടാതെ കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ ദാതാക്കളുമായും ബന്ധപ്പെടാൻ കഴിയുന്നതിനുള്ള അവസരമുണ്ടാക്കുക.

2. വികസന വകുപ്പുകളും  മറ്റു സർക്കാർ ഏജൻസികളും വാഗ്ദാനം ചെയ്യുന്ന തൊഴിൽ അവസരങ്ങളും സഹായങ്ങളും തദ്ദേശ ഭരണ സംവിധാനത്തിലൂടെ നേരിട്ട്  പരിചയപ്പെടുത്തി തൊഴിലന്വേഷകരിൽ എത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

3. തൊഴിൽ അന്വേഷകരുടെ കാര്യശേഷി വികസിപ്പിക്കുന്നതിന്  സർക്കാർ പരിശീലന ഏജൻസികളെയടക്കം പ്രാദേശികമായി ഉപയോഗിക്കുന്നതിനുള്ള കൂട്ടായ്മകൾ തദ്ദേശ സ്ഥാപന തലത്തിൽ രൂപപ്പെടുത്തുക.

4. സംരംഭക കൂട്ടായ്മകളെ പരിപോഷിപ്പിക്കുന്നതിന് വിവിധ വകുപ്പുകളും ഏജൻസികളും നടത്തുന്ന പരിപാടികൾ തദ്ദേശ സ്ഥാപനങ്ങൾ മുഖേന സംഘടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുക.

5. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതികളുമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികളുമായി സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക.

**തൊഴിൽസഭ സംഘാടനം–മുന്നൊരുക്കം**

തൊഴിൽസഭകളുടെ സംഘാടനവും നടത്തിപ്പും തുടർപ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിലേക്കായി താഴെ പറയുന്ന പ്രവർത്തങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

1. സംഘാടക സമിതിരൂപീകരണം: തൊഴിൽസഭകളുടെ സംഘാടനത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ തലത്തിലും വാർഡ് തലത്തിലും സംഘാടക സമിതികൾ രൂപീകരിക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷൻതല സംഘാടക സമിതി ഘടന

- അദ്ധ്യക്ഷൻ–തദ്ദേശസ്ഥാപനതല അദ്ധ്യക്ഷൻ
- ഉപാദ്ധ്യക്ഷൻ–വൈസ് പ്രസിഡന്റ്/വൈസ് ചെയർമാൻ/ ഡെപ്യൂട്ടി മേയർ
- കൺവീനർ–തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി
- ജോ.കൺവീനർ–അസിസ്റ്റന്റ് സെക്രട്ടറി/യു.പി.എ പ്രൊജക്റ്റ് ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി
- അംഗങ്ങൾ
    - തദ്ദേശസ്ഥാപനതലത്തിലെബ്ലോക്ക്/ജില്ലാപഞ്ചായത്ത് അംഗങ്ങൾ
    - എല്ലാ ഭരണ സമിതി അംഗങ്ങളും
    - കുടുംബശ്രീ സി.ഡി.എസ് അദ്ധ്യക്ഷ
    - ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ
    - യുവജന പ്രതിനിധികൾ
    - യുവജന ക്ഷേമബോർഡ് പ്രതിനിധി
    - വ്യവസായ വകുപ്പ് ഇന്റേൺ
    - IKM പ്രതിനിധി
    - SC/ST പ്രമോട്ടർ
    - പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ (ആർ.പി)

- ○ സാക്ഷരതാ പ്രേരക് മാർ

(3) വാർഡ് തല സംഘാടക സമിതി

- കൺവീനർ– വാർഡ്  മെമ്പർ
- അംഗങ്ങൾ
    - ○ യുവജന പ്രതിനിധികൾ
    - ○ വ്യാപാരവ്യവസായ സംഘടനാ പ്രതിനിധികൾ
    - ○ ചെറുകിട സംരംഭക സംഘടനാ പ്രതിനിധികൾ
    - ○ എ.ഡി.എസ്.പ്രതിനിധികൾ
    - ○ വ്യത്യസ്ത തൊഴിൽ മേഖലകളിൽ അറിവും അനുഭവവുമുള്ളവർ

വാർഡിൽ ഒന്നിൽ കൂടുതൽ തൊഴിൽ സഭ ചേരുന്നുണ്ടെങ്കിൽ ഓരോ തൊഴിൽസഭയ്ക്കും ഓരോ സംഘാടക സമിതി ആവശ്യമാണ്.

(4) തൊഴിൽസഭകളുടെ സംഘാടന ചുമതല വികസന സ്റ്റാൻഡിങ് കമ്മിറ്റിക്കും ഏകോപന ചുമതല ഭരണ സമിതിക്കും ആയിരിക്കും. ഓരോ തൊഴിൽസഭയ്ക്കും കോർഡിനേറ്റർമാരായി അനുയോജ്യരായ ഉദ്യോഗസ്ഥരെയോ  അംഗൻവാടി വർക്കർമാരെയോ തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിക്കേണ്ടതാണ്.

(5) തൊഴിൽസഭ ലീഡ് : ഓരോ തൊഴിൽ സഭയുടെയും പ്രവർത്തനം ഏകോപിപ്പിച്ച്  മുന്നോട്ടു കൊണ്ടു പോകുന്നതിന്  തൊഴിൽ സർവ്വേയിൽ പങ്കെടുത്തിട്ടുള്ള കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെയോ ഒരു യുവജന ക്ഷേമ പ്രവർത്തകനെയോ / പ്രവർത്തകയെയോ പഞ്ചായത്ത്  ഭരണ സമിതി  അതത് തൊഴിൽ സഭാ കൺവീനർമാരുടെ നിർദ്ദേശം കൂടി പരിഗണിച്ച് തൊഴിൽസഭ ലീഡ് ആയി തീരുമാനിക്കേണ്ടതാണ്.തദ്ദേശ സ്ഥാപന തലത്തിൽ എല്ലാ തൊഴിൽ സഭ ലീഡിനേയും ഏകോപിപ്പിക്കേണ്ട ചുമതല യുവജന ക്ഷേമബോർഡ് കോർഡിനേറ്റർക്കായിരിക്കും.

(6) തൊഴിൽസഭ ഫെസിലിറ്റേഷൻ ടീം: പ്രത്യേകം പരിശീലനം കിട്ടിയ ഫെസിലിറ്റേഷൻ ടീം ആണ്  തൊഴിൽ സഭാ സംഘാടനത്തിന്റെ അക്കാദമിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത്. ഈ ടീമിൽ യുവജന ക്ഷേമ ബോർഡിന്റെ തദ്ദേശസ്ഥാപനതല കോർഡിനേറ്റർ, കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പിൽ നിന്ന് ബിരുദാനന്തരബിരുദം, പ്രൊഫഷണൽ ബിരുദം യോഗ്യത ഉള്ള രണ്ടുപേർ, വ്യവസായ വകുപ്പ് ഇന്റേൺ, കില തിരഞ്ഞെടുക്കുന്ന രണ്ട് ആർപിമാർ എന്നിവർ അംഗങ്ങൾ ആയിരിക്കണം. അസിസ്റ്റന്റ് സെക്രട്ടറി/യു.പി.എ. പ്രൊജക്റ്റ് ഓഫീസർ/ഡെപ്യൂട്ടി സെക്രട്ടറിക്കാണ് തൊഴിൽസഭാ ഫെസിലിറ്റേഷൻ ടീമിന്റെ ഔദ്യോഗിക ചുമതല.

**ക്യാമ്പയിൻ പ്രവർത്തനങ്ങൾ**

തൊഴിൽ സഭാ എന്ന ആശയം ജനങ്ങളിലേക്കു എത്തിക്കുന്നതിനും വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും ബഹുതലങ്ങൾ ഉള്ള ഒരു ക്യാമ്പയിൻ പ്രവർത്തനം  ആവശ്യമാണ്. അതിനാവശ്യമായ നിർദ്ദേശങ്ങൾ ആണ് ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നത് .

**പ്രാരംഭഘട്ട/ കേന്ദ്രീകൃത പ്രവർത്തനങ്ങൾ**

1. തൊഴിൽസഭയെ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന ചെറുതും വലുതും ആകർഷകവുമായ പ്രോമോ വിഡിയോകൾ നവമാധ്യമം വഴി പ്രചാരണം ചെയ്യാം. ഇതുകൂടാതെ റെയിൽവേ സ്റ്റേഷൻ, തിയ്യേറ്റർ , റേഡിയോ എഫ്.എം എന്നിവയുടെ പ്രചാരണ സാധ്യതകൾ ഉപയോഗിക്കാം.

2. തൊഴിൽ സഭയെന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പോസ്റ്ററുകൾ, ലഘുലേഖകൾ മുതലായവ തയ്യാറാക്കാം.

3. തൊഴിൽ സഭയെ ജനകീയമാക്കാൻ അനുയോജ്യമായ ലോഗോയും ടാഗ് ലൈനും, സ്റ്റൈലും ഡിസൈൻ ചെയ്യാം.

4. തൊഴിൽ സഭ പ്രാരംഭഘട്ടത്തിൽ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, തദ്ദേശ സ്ഥാപനതലത്തിലും അതത് ജനപ്രധിനിതികളുടെയും പ്രമുഖരുടെയും സാന്നിധ്യത്തിൽ നടത്താം.

5. യുവാക്കൾക്കിടയിൽ വലിയ ജനപ്രീതിയുള്ള പ്രമുഖ വ്യക്തിത്വങ്ങളെ (celebrities) ബ്രാൻഡ് അംബാസ്സഡറാക്കി തൊഴിൽ സഭക്ക് കൂടുതൽ സ്വീകാര്യത ഉറപ്പുവരുത്താം. അവരുടെ ലഘു വീഡിയോകൾ ഈ ക്യാമ്പയിന്റെ ഭാഗമാകാവുന്നതാണ്.

6. യുവാക്കളുടെ പ്രിയങ്കരമായ ഇൻസ്റ്റാഗ്രാം, യൂട്യൂബ് , ഫേസ്ബുക്ക് ലഘു വീഡിയോ/മീംസ് തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.

7. പ്രചരണത്തിനുള്ള കേന്ദ്രീകൃത സംവിധാനമായി സംസ്ഥാനതല പ്രചാരണസംഘവും മീഡിയ അക്കാദമിയുടെ സംസ്ഥാനതല സംഘവും കെ-ഡിസ്കിന്റെ മീഡിയ സംവിധാനവും , തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാധ്യമ സംവിധാനവും, സംസ്ഥാന പബ്ലിക് റിലേഷൻ വകുപ്പിന്റെ സംവിധാനവും, കിലയുടെ തദ്ദേശകം ചാനൽ സംവിധാനവും പ്രവർത്തിക്കും. ഉള്ളടക്കം സൃഷ്ടിക്കൽ (content creation), ഡിസൈൻ മേഖലകളിൽ പരിചയ സമ്പത്ത് ഉള്ളവർ ഇതിൽ അംഗങ്ങളായിരിക്കും.

8. തൊഴിലുമായി ബന്ധപ്പെട്ട പത്രങ്ങളുടെ പ്രസിദ്ധികരണങ്ങളിലൂടെയും തൊഴിൽ സഭയുടെ വിശദാംശങ്ങൾ തൊഴിൽ അന്വേഷകരിലേക്ക് എത്തിക്കാം.

9. നിലവിലുള്ള D.W.M.S -കണക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെ വാട്ട്സാപ്പും എസ്.എം.എസ്. മെസ്സജ്/ഇ-മെയിൽ എന്നിവ മുഖേനെ തൊഴിൽ സഭയെ കുറിച്ചുള്ള വിവരങ്ങൾ നൽകാവുന്നതാണ്.

10. രണ്ടു ലക്ഷം വരുന്ന കുടുംബശ്രീ വാട്ട്സപ്പ് ഗ്രൂപ്പുകൾ തൊഴിൽസഭ പ്രചാരണാർത്ഥം ഉപയോഗിക്കാവുന്നതാണ്.

**തദ്ദേശസ്ഥാപനതലത്തിൽ വികേന്ദ്രീകൃത പ്രചാരണം**

തദ്ദേശസ്ഥാപനതലത്തിൽ തൊഴിൽസഭ പ്രചാരണത്തിനായി മൈക്ക് അന്നൗൺസ്മെന്റ് രീതി ഉപയോഗിക്കാവുന്നതാണ്. ജന പ്രതിനിധികളുടെ നേതൃത്വത്തിൽ യുവകളുടെ യോഗങ്ങൾ അതാത് ഇടങ്ങളിൽ വിളിച്ചു ചേർക്കാം. സംശയ

നിവാരണത്തിന് ബ്ലോക്ക് തലത്തിലും സംസ്ഥാന തലത്തിലും ഹെല്പ് ഡെസ്കുകൾ സജീവമാക്കാവുന്നതാണ്.

കെ-ഡിസ്ക് "ജാലകം" സർവ്വേയുമായി ബന്ധപ്പെട്ട കുടുംബശ്രീ എന്യൂമറേറ്റർമാരെ ഉപയോഗപ്പെടുത്തി വീട്ട വീടാന്തരം പ്രചാരണപ്രവർത്തനം നടത്തേണ്ടതാണ്. എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയിൽ ആദ്യ ഘട്ടം രജിസ്റ്റർ ചെയ്ത മുഴുവൻ പേരെയും സർവ്വേ എന്യൂമറേറ്റർമാർ, കുടുംബശ്രീ പ്രവർത്തകർ, വാർഡ് തല സംഘാടക സമിതി വഴി നേരിൽ ക്ഷണിക്കേണ്ടതാണ്. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത ഓരോ പ്രദേശത്തുമുള്ള പ്ലസ് 2 വിദ്യഭ്യാസത്തിനു താഴെ ഉള്ള തൊഴിൽരഹിതരായവരെ കുടുംബശ്രീ, വാർഡ് തല സമിതി എന്നിവ വഴി നേരിൽ ക്ഷണിക്കണം.

തൊഴിൽ സഭയുടെ പ്രചനർത്ഥം ഫ്ലാഷ് മോബ്, സ്ട്രീറ്റ് പ്ലേ നടത്താവുനതാണ്. പ്രാദേശിക കേബിൾ ചാനൽ വഴിയുള്ള വ്യാപകമായ പ്രചരണ സാധ്യതകൾ ഉപയോഗിക്കണം. കുടുംബശ്രീ റെസിഡന്റ്സ് അസോസിയേഷൻ എന്നിവയുടെ വാട്സപ്പ്ഗ്രൂപ്പുകൾ വഴി പ്രാദേശിക തൊഴിൽ സഭകളുടെ തീയതി സ്ഥലം എന്നിവ സംബന്ധിച്ച് നിരന്തരമായ പ്രചരണം നടത്താവുന്നതാണ് .

## തൊഴിൽസഭ സംഘാടനം- കാര്യപരിപാടി

1. ഒരു തൊഴിൽസഭയിൽ 200-250 പേർ പങ്കെടുക്കുന്ന വിധത്തിൽ ഒന്നോ അതിലധികമോ വാർഡുകൾ ചേർത്ത് തൊഴിൽസഭകൾ സംഘടിപ്പിക്കാവുന്നതാണ്. പങ്കാളികളുടെ എണ്ണം കുറവുള്ള വാർഡുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് എത്ര തൊഴിൽസഭകൾ ആവശ്യമാണെന്നത് പ്രാദേശിക സാഹചര്യം കണക്കിലെടുത്ത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാം.

2. 250 പേർക്ക് പങ്കെടുക്കാവുന്ന തരത്തിൽ ഇരിപ്പിട സൗകര്യങ്ങൾ, ശബ്ദ, വീഡിയോ പ്രദർശന സംവിധാനം എന്നിവ ക്രമീകരിക്കാൻ കഴിയുന്ന തരത്തിലുള്ള ഹാളുകളിൽ തൊഴിൽസഭകൾ നടത്തേണ്ടതാണ്.

3. തൊഴിൽസഭയിൽ പങ്കെടുക്കുന്നവരുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതിനുള്ള ചുമതല തൊഴിൽസഭ -ലീഡ് നിർവഹിക്കണം. തൊഴിൽസഭ അംഗങ്ങൾക്ക് പ്രത്യേകം ഓൺലൈൻ രജിസ്ട്രേഷനുള്ള സംവിധാനം ഒരുക്കുന്നതാണ്.

4. തൊഴിൽസഭയുടെ യോഗനടപടികളുടെ ഭാഗമായി ജനപ്രതിനിധിയോ ഉദ്യോഗസ്ഥനോ സ്വാഗതം ആശംസിക്കേണ്ടതാണ്. ഒരു ജനപ്രതിനിധി അദ്ധ്യക്ഷനാകണം. തൊഴിൽസഭയുടെ ഉദ്ഘാടനത്തിനായി എല്ലാതലങ്ങളിലുമുള്ള ജനപ്രതിനിധികളെയും പരിഗണിക്കേണ്ടതാണ്. ഉദ്ഘാടന സെഷൻ പരമാവധി 30 മിനിറ്റിനുള്ളിൽ അവസാനിപ്പിക്കണം.

5. തുടർന്ന് തൊഴിൽസഭയുടെ അഞ്ച് മിനിട്ടുള്ള സിഗ്നേചർ വീഡിയോ പ്രദർശിപ്പിക്കണം.

6. അതിനു ശേഷം തൊഴിൽസഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിവരിക്കുന്ന ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ആമുഖ വീഡിയോ അവതരിപ്പിക്കണം.

7. തുടർന്ന് തൊഴിൽസഭയുടെ പശ്ചാത്തലം, തൊഴിൽസഭ എന്ത്, എന്തിന്, തൊഴിൽസഭയുടെ ലക്ഷ്യം, തൊഴിൽസഭയിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ, പുതിയ നൈപുണി ആവശ്യകതകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനലക്ഷ്യങ്ങൾ നേടുന്നതിൽ തൊഴിൽസഭകൾക്കുള്ള പങ്ക്, പ്രസക്തി എന്നിവ വിവരിക്കുന്ന വീഡിയോ അവതരണം നടത്തണം.

8. അതിനു ശേഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനപ്രവർത്തനങ്ങൾ, കെ-ഡിസ്കിന്റെ എന്റെ തൊഴിൽ എന്റെ അഭിമാനം ക്യാമ്പയിൻ, സംരംഭക വർഷത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, സംരംഭകത്വ വികസനത്തിനുള്ള മറ്റു സർക്കാർ പദ്ധതികൾ, വിവിധ വികസന വകുപ്പുകളുടെയും ഏജൻസികളുടെയും തൊഴിൽ-സംരംഭകത്വ പദ്ധതികളുടെ വിശദാംശങ്ങളും അവ ഉപയോഗപ്പെടുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനതലത്തിലുള്ള സംഘടനാ സംവിധാനങ്ങളും പരി ചയപ്പെടുത്തുന്ന വീഡിയോ അവതരണം നടത്തേണ്ടതാണ് .

9. ഈ അവതരണങ്ങൾക്ക് ശേഷം സ്വന്തം അനുഭവം പങ്ക് വച്ച് തൊഴിൽസഭാംഗങ്ങളെ പ്രചോദിപ്പിക്കുന്നതിന് അതാത് തദ്ദേശ സ്ഥാപന പരിധിയ്ക്കുള്ളിൽ ജനിച്ച് വളർന്ന് സ്വദേശത്തോ വിദേശത്തോ വിജയകരമായി സംരംഭ പ്രവർത്തനം നടത്തുന്ന ഒരാളെയും അതുപോലെ ഉന്നതമായ ജോലി കേരളത്തിനകത്തോ പുറത്തോ ലഭിച്ചിട്ടുള്ള - പ്രത്യേകിച്ച് സാങ്കേതിക, വിജ്ഞാന സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട് - ഒരാളേയും തൊഴിൽ സഭയിൽ പങ്കെടുപ്പിക്കേണ്ടതാണ്. അത്യാവശ്യമെങ്കിൽ മാത്രം ഓൺലൈൻ വഴിയും പങ്കെടുപ്പിക്കാവുന്നതാണ്.

10. അവതരണങ്ങൾക്കുശേഷം പ്രദർശിപ്പിക്കപെട്ട വിഷയങ്ങളിന്മേൽ ഗ്രൂപ്പ്ചർച്ചകൾ സംഘടിപ്പിക്കേണ്ടതാണ്. സംരംഭകർ/ സംരംഭകത്വ താല്പര്യമുള്ളവർ, കെ-ഡിസ്ക് (D.W.M.S) പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ, വിവിധ പ്രാദേശിക തൊഴിലുകളിൽ ഏർപ്പെടുന്നവരും തൊഴിൽ അന്വേഷകരും എന്നിങ്ങനെ ചുവടെ പറയുന്ന രീതിയിൽ മൂന്നായി വേണം ഗ്രൂപ്പ് തിരിയാൻ.

| **ഗ്രൂപ്പുകൾ** | **ഉപഗ്രൂപ്പുകൾ** |
|---|---|
| 1. സംരംഭകർ/ സംരംഭകത്വ താല്പര്യമുള്ളവർ | കാർഷികം-അനുബന്ധ മേഖലകൾ |
| | ചെറുകിട ഉല്പാദനം |
| | സേവനം |
| 2. കെ-ഡിസ്ക് (D.W.M.S) പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ | സാങ്കേതിക വിദ്യാഭ്യാസം നേടിയവർ(ബിടെക്,ഡിപ്ലോമ തുടങ്ങിയവ) |

| | |
|---|---|
| | മറ്റ് പ്രൊഫഷണൽ യോഗ്യത ഉള്ളവർ |
| | ആർട്സ് ആൻഡ് സയൻസ് വിദ്യാഭ്യാസ യോഗ്യത ഉള്ളവർ |
| | കോമേഴ്സ് യോഗ്യത ഉള്ളവർ |
| 3. വിവിധ പ്രാദേശിക തൊഴിലുകളിൽ ഏർപ്പെടുന്നവരും തൊഴിൽ അന്വേഷകരും | ഉല്പാദന മേഖല |
| | സേവന മേഖല |
| | നിർമ്മാണ മേഖല |

**ഗ്രൂപ്പ് ചർച്ചകളിൽ നടക്കേണ്ടത്**

a. പൊതു അവതരണങ്ങൾക്ക് ശേഷം തൊഴിൽ സഭകൾ മൂന്ന് ഗ്രൂപ്പുകൾ ആയി ആദ്യം തിരിയണം എന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. സംരംഭക താത്പര്യം ഉള്ളവരുടെ ഗ്രൂപ്പിൽ കാർഷികം-അനുബന്ധ മേഖലകൾ,ചെറുകിട ഉല്പാദനം, സേവനം എന്നിവ ഓരോന്നായി എടുത്ത് അവയിൽ ഓരോന്നിലും ലഭ്യമായ സംരംഭങ്ങൾക്ക് ഉള്ള പിന്തുണകൾ ചർച്ച ചെയ്യണം. ഓരോന്നിലും തൽപ്രർ ആയവരുടെ സംശയങ്ങൾ അവിടെ ദുരീകരിക്കണം. സംരംഭകത്വ തൽപ്രർക്ക് എന്തെല്ലാം പിന്തുണകൾ ലഭ്യമാകും എന്ന് വിശദമാക്കണം. ചർച്ചയുടെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളുടെ ക്ലബ്ബുകൾ രൂപീകരിക്കണം. സംരംഭകരിലെ ചർച്ചകൾക് വ്യവസായ വകുപ്പ് ഇന്റേൺ നേതൃത്വം നൽകണം.

b. കേരള നോളജ് ഇക്കോണമി മിഷന്റെ DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തവർ ആണ് അടുത്ത ഗ്രൂപ്പ് ആയി തിരിയേണ്ടത്. ഈ ഗ്രൂപ്പിൽ ആദ്യത്തിൽ ഈ പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്യാതവർ, രണ്ടാമത് പ്രൊഫൈൽ രജിസ്റ്റർ ചെയ്തവർ എന്നിവർ ശ്രദ്ധികേണ്ട കാര്യങ്ങൾ അടങ്ങിയ വീഡിയോ പ്രദർശിപ്പിക്കണം. തുടർന്ന് കുടുംബശ്രീ സി.ആർ.പി.യുടെ നേതൃത്വത്തിൽ ഈ പ്ലാറ്റ്ഫോമിന്റെ സാദ്ധ്യതകൾ വിശദമാക്കണം. അതിന്റെ അടിസ്ഥാനത്തിൽ വിവിധ തരം വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ സാദ്ധ്യതകൾ ഉപ ഗ്രൂപ്പുകളായി തിരിഞ്ഞു ചർച്ചചെയ്യണം. സാങ്കേതിക വിദ്യാഭ്യാസം നേടിയവർ(ബിടെക്,ഡിപ്ലോമ തുടങ്ങിയവ),മറ്റ് പ്രൊഫഷണൽ യോഗ്യത ഉള്ളവർ,ആർട്സ് ആൻഡ് സയൻസ് വിദ്യാഭ്യാസ യോഗ്യത ഉള്ളവർ,കോമേഴ്സ് യോഗ്യത ഉള്ളവർ എന്നിങ്ങനെ ഉപവിഷയങ്ങളായുള്ള ചർച്ച ആകാം. ഓരോ മേഖലയിലേയും സാദ്ധ്യതകൾ എന്ത് രജിസ്റ്റർ ചെയ്തവർ എങ്ങിനെ തൊഴിൽ അന്വേഷണം നടത്തണം അതിനു ഈ പ്ലാറ്റ്ഫോം എങ്ങനെ ഉപയോഗിക്കാം എന്നി കാര്യങ്ങൾ ഈ ഗ്രൂപ്പിൽ ചർച്ച ചെയ്യണം. ചർച്ചകൾക്ക് ഒടുവിൽ വിഷയാടിസ്ഥാനത്തിൽ തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കണം. തൊഴിൽ അന്വേഷകരെ ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെന്ററുകളുമായി എങ്ങനെ ബന്ധിപ്പിക്കാം എന്നും എന്തെല്ലാം സേവനങ്ങൾ അവിടെ ലഭ്യമാകും എന്നും ഈ ചർച്ചകളിൽ വ്യക്തമാക്കണം. എന്റെ

തൊഴിൽ എന്റെ അഭിമാനം  പദ്ധതിയുടെ ഭാഗമായി നിയമിച്ച കമ്മ്യൂണിറ്റി റിസോഴ്‌ പേഴ്സൺ ആണ് ഈ  ഗ്രൂമിലെ ചർച്ചകൾ നയിക്കേണ്ടത്.

c. പ്ലസ്ടുവിന് താഴെ വിദ്യാഭ്യാസം ഉള്ള DWMSൽ രജിസ്റ്റർ ചെയ്യാത്ത തൊഴിൽ അന്വേഷകരുടെയും ദിവസ വേതനത്തിന് താത്ക്കാലികമായോ ജോലി ചെയ്യുന്നവരുടെയും ആകണം മൂന്നാമത്തെ ഗ്രൂപ്പ്. ഇവർക്ക് ലഭ്യമാകുന്ന നൈപുണ്യം പരിശീലന സാദ്ധ്യതകൾ,  വിവിധതരം തൊഴിൽ കൂട്ടങ്ങൾ  രൂപിക്കൽ എന്നിവ ആകണം ഈ  ഗ്രൂപ്പിലെ ചർച്ച. ചർച്ചയുടെ അവസാനത്തിൽ തൊഴിൽ കൂട്ടങ്ങൾ രൂപീകരിക്കാം. പ്ലസ്ടുവിനു താഴെ  വിദ്യാഭ്യാസം ഉള്ളവർക്ക് ലഭ്യമാക്കാവുന്ന തൊഴിൽ അവസരങ്ങളും ഇവിടെ ചർച്ച ചെയ്യാം. യുവജനക്ഷേമ ബോർഡിന്റെ യൂത്ത് കോർഡിനേറ്റർ ആകണം ഈ ചർച്ചകൾക്ക് നേതൃത്വം നൽകേണ്ടത്.ഗ്രൂപ്പ് ചർച്ചകളുടെ ഉള്ളടക്കം നിർദ്ദേശങ്ങൾ എന്നിവ ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷമുള്ള പ്ലീനറി യോഗങ്ങളിൽ  അവതരിപ്പിക്കണം. ഓരോ  ഗ്രൂപ്പിലും രൂപീകരിച്ച ക്ലബ്ബുകളുടെ വിവരങ്ങളും പൊതുവേദിയിൽ അവതരിക്കണം.

11. ഗ്രൂപ്പ് ചർച്ചകൾക്കു ശേഷം ഓരോ ഗ്രൂപ്പിനും 5 മിനിട്ട്  വീതം  പ്രതികരണങ്ങൾക്ക് നൽകണം. തുടർന്ന് അര മണിക്കൂർ ചർച്ചകളുടെ ക്രോഡീകരണത്തിനും സംശയ നിവാരണത്തിനുമായി വിനിയോഗിക്കാം. പരിശീലനം ലഭിച്ച തൊഴിൽസഭ ഫെസിലിറ്റേഷൻ ടീം അംഗങ്ങളും പങ്കെടുക്കുന്ന വിവിധ വകുപ്പുകളുടെ/ ഏജൻസികളുടെ പ്രതിനിധികളും ഗ്രൂപ്പ് ചർച്ചകൾക്കും സംശയ നിവാരണത്തിനും നേതൃത്വം നൽകേണ്ടതാണ്.

12. വിവാഹത്തെ തുടർന്ന് തൊഴിൽ തുടർച്ച ഇല്ലാതെ പോയവർ, വിധവകൾ, പിരിഞ്ഞു താമസിക്കുന്നവർ തുടങ്ങി സ്ത്രീ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുംപ്പെട്ട തൊഴിലന്വേഷകരുടെ പ്രശ്നങ്ങൾ തൊഴിൽസഭകളിൽ പ്രത്യേകമായി ചർച്ചചെയ്യുന്നതിന് ഈ വിഭാഗങ്ങളിൽ പെട്ടവരുടെ പങ്കാളിത്തം കുടുംബശ്രീ , യുവജന ക്ഷേമ ബോർഡ് വഴി ഉറപ്പ് വരുത്തണം. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ , ആദിവാസികൾ, മത്സ്യ തൊഴിലാളികൾ, ട്രാൻസ് ജെൻഡേഴ്സ്  ,  ഭിന്നശേഷി വിഭാഗക്കാർ എന്നിങ്ങനെ സാമൂഹിക  പിന്നാക്കാവസ്ഥ  നേരിടുന്ന എല്ലാ വിഭാഗങ്ങളുടെയും സവിശേഷ തൊഴിൽ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് പ്രത്യേക ചർച്ചകൾ നടത്തേണ്ടതാണ്. പ്രത്യേകമായ തൊഴിൽസഭ ക്ലബ്ബുകൾ ഇവർക്ക് മാത്രമായി രൂപീകരിക്കാൻ തൊഴിൽസഭ- ലീഡ് മുൻകൈ എടുക്കേണ്ടതാണ്.

**തൊഴിൽസഭ- തൊഴിൽ ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനവും**

1. തൊഴിൽസഭയിൽ പങ്കെടുത്തവരുടെ നൈപുണ്യം, പ്രവർത്തന പരിചയം, താല്പര്യം, മറ്റ് വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും തൊഴിൽ മാത്രം നേടാൻ ആഗ്രഹിക്കുന്നവരുടെയും വെവ്വേറെ തൊഴിൽസഭ ക്ലബുകൾ രൂപീകരിക്കണം.  പങ്കാളിത്തം അനുസരിച്ചും താല്പര്യം അനുസരിച്ചും തൊഴിൽ ക്ലബ്ബുകളുടെ എണ്ണം തീരുമാനിക്കാവുന്നതാണ്. ഓരോ ക്ലബ്ബിലും പരമാവധി 25 പേർ എന്ന്  നിജപ്പെടുത്താവുന്നതാണ്.

2. തൊഴിൽ ക്ലബ്ബുകൾ ഏറ്റവും അടുത്ത തീയ്യതിയിൽ തന്നെ യോഗം ചേരേണ്ടതാണ്. ഇത് എന്നായിരിക്കണമെന്ന്  തൊഴിൽസഭയിൽ തീരുമാനിക്കേണ്ടതാണ്.

3. ഗ്രൂപ്പുകൾക്കകത്ത്  ആശയ വിനിമയം ഫലപ്രദമാക്കുന്നതിന് തൊഴിൽസഭയ്ക്ക് പൊതുവായും ക്ലബ്ബുകൾക്ക്  പ്രത്യേകിച്ചും വാട്ട്സ്അപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കേണ്ടതാണ്.

4. തൊഴിൽ ക്ലബ് അംഗങ്ങളിൽ പൊതുവായ താല്പര്യം ഉള്ളവരെ ഉൾപ്പെടുത്തി പങ്കാളിത്ത ഗ്രൂപ്പുകൾ  (പാർട്ട്ണർഷിപ്പ് ഗ്രൂപ്പുകൾ) രൂപീകരിക്കാവുന്നതാണ്. കൂട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ പങ്കാളിത്ത ഗ്രൂപ്പുകളുടെ രൂപീകരണം സഹായിക്കും.

5. തൊഴിൽസഭ  ക്ലബ്ബുകളുടെ ഏകോപന ചുമതല തൊഴിൽ സഭ ലീഡുകൾ മുഖേന  വ്യവസായ വകുപ്പ്  ഇന്റേണും,  യൂത്ത് കോർഡിനേറ്ററും നിർവ്വഹിക്കേണ്ടതാണ്.

6. തദ്ദേശ ഭരണ സ്ഥാപനതല സംരംഭകത്വ വികസന കൗൺസിൽ തൊഴിൽ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും നേതൃത്വവും നൽകേണ്ടതാണ്.

7. അനുയോജ്യമായ സംരംഭങ്ങൾ കണ്ടെത്താൻ തൊഴിൽ ക്ലബ് അംഗങ്ങളെ ഇന്റേണും,  യൂത്ത് കോർഡിനേറ്ററും  സഹായിക്കണം. ഇതിനായി താല്പര്യമുള്ളവരെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള  എംപ്ലോയബിലിറ്റി സെന്ററുമായി ബന്ധിപ്പിക്കേണ്ടതാണ്.

**തൊഴിൽസഭ– തുടർപ്രവർത്തനങ്ങൾ**

- തൊഴിൽ സഭയുടെ തുടർപ്രവർത്തങ്ങൾക്ക്  പ്രചോദനമാകാൻ ഒരു നിശ്ചിത കാലാവധിയിൽ (അർദ്ധവാർഷികം, വാർഷികം) തൊഴിൽ നൽകാൻ കഴിഞ്ഞവരുടെ വിവരങ്ങൾ പഞ്ചായത്തിൽ സ്കോർ ബോർഡായി  പ്രദർശിപ്പിക്കാം.ഇത് സംസ്ഥാന തലത്തിലുള്ള പോർട്ടലിലും ലഭ്യമാക്കാം. ഒരോ ഘട്ടത്തിലുമുള്ള പുരോഗതി സുതാര്യമായി വിലയിരുത്തുന്നതിന് തദ്ദേസ സ്ഥാപനങ്ങൾക്കിടയിൽ പരസ്പര പ്രോത്സാഹനത്തിനും ഇത് സഹായിക്കും.

- തൊഴിൽ സഭയിലെ അംഗങ്ങളെ ചേർത്തുകൊണ്ടുള്ള തൊഴിൽ സഭാ ലീഡ്  അഡ്മിനായുള്ള വാട്ട്സ്ആപ്പ്/ബ്രോഡ്കാസ്റ്റ്  ഗ്രൂപ്പുകൾ തൊഴിൽ സഭാ രൂപീകരണ ദിവസം തന്നെ ഉണ്ടാകേണ്ടതാണ്.

തൊഴിൽസഭയുമായി ബന്ധപ്പെട്ട മറ്റ് തുടർപ്രവർത്തനങ്ങൾക്ക് പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി തദ്ദേശ ഭരണ  സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള എംപ്ലോയ്മെന്റ്  ഇൻഫർമേഷൻ സെന്റർ (E.I.C), സംരംഭകത്വ & തൊഴിൽ പ്രൊമോഷൻ കൌൺസിൽ (EEPC), സാങ്കേതിക സമിതി (T.C), ജില്ലാതല സാങ്കേതിക സമിതി (D.T.C), ബ്ലോക്കുതല എംപ്ലോയബിലിറ്റി സെന്റർ (E.C) എന്നിവയുടെ സഹായം ഉപയോഗപ്പെടുത്തേണ്ടതാണ്. ഇവയുടെ പ്രവർത്തന വിശദാംശങ്ങൾ പ്രാദേശിക സാമ്പത്തിക വികസന മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതാണ് .

**തൊഴിൽ ക്ലബ്ബുകളുടെ തുടർപ്രവർത്തനം**
തൊഴിൽ സഭയുടെ ഭാഗമായി രൂപീകരിക്കുന്ന തൊഴിൽ ക്ലബ്ബുകളുടെ തുടർപ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ ആസൂത്രണം ചെയ്തു നടപ്പാക്കാവുന്നതാണ്

ഈ പ്രവർത്തനങ്ങളുടെ ഒരു മാതൃക താഴെ നല്കുന്നു :

1. മാസത്തിലൊരിക്കലെങ്കിലും ക്ലബ്ബിന്റെ യോഗം കൂടുക

2. യോഗത്തിൽ പ്രാദേശികമായ തൊഴിൽ സാദ്ധ്യതകൾ ചർച്ച ചെയ്യുക

3. തൊഴിൽ തേടുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുക

4.തൊഴിലവസരങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുക

5. കേരള നോളജ് ഇക്കോണമി മിഷന്റെ (KKEM) എന്റെ തൊഴിൽ അഭിമാനം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിൽ ക്ലബുകളിൽ അംഗങ്ങളായവർ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും തൊഴിൽ സാധ്യതകൾ അന്വേഷിക്കുകയും അവ കൂട്ടായി ചർച്ച ചെയ്യുകയും ചെയ്യാം. ഇതിന് DWMS പ്ലാറ്റ്ഫോമിനകത്തെ ഓരോരുത്തർക്കും ചേരുന്ന തൊഴിൽ സാധ്യതകളുടെ പരിശോധന സഹായിക്കും.

6. കൂട്ടായ ചർച്ചകളുടെ അടിസ്ഥാനത്തിൽ തൊഴിൽ ക്ലബുകൾക്ക് വർക്ക് ഫ്രം ഹാം, വർക്ക് നിയർ ഹോം അടിസ്ഥാനത്തിലുള്ള കൂട്ടായ്മകൾ സൃഷ്ടിക്കാം. ഇതിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളെ ഉപയോഗിക്കാം.

7. ഇത്തരത്തിൽ തൊഴിൽ ക്ലബുകളിലൂടെ ഉയർന്നു വരുന്ന തൊഴിൽ സാധ്യതകൾ പരിഗണിച്ച് തദ്ദേശ സ്ഥാപനതല പദ്ധതികൾ രൂപപ്പെടുത്താം.

8. ഓരോ തൊഴിലിനും ആവശ്യമായ നൈപുണികളുടെ ഇപ്പോഴത്തെ സ്ഥിതിയും ഓരോ ക്ലബംഗവും നേടാൻ താല്പര്യപ്പെടുന്ന നൈപുണികളും തിരിച്ചറിയുക.

9. തൊഴിൽ ക്ലബുകളിലും തൊഴിൽ കൂട്ടങ്ങളിലും ഉയരുന്ന ചർച്ചകൾക്ക് അനുസരിച്ച് നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെന്ററുകൾ വഴി ബന്ധപ്പെട്ട് നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കാം.

10. വിവിധ ഏജൻസികളുടെ സ്കീമുകൾ, പ്രൊജക്ടുകൾ എന്നിവ ചർച്ച ചെയ്യുക.

11.
വ്യക്തികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയിൽ ലഭ്യമായ തൊഴിലവസരങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും പരസ്പരം പങ്കുവെക്കുകയും ചെയ്യുക.

12. സമാന ചിന്താഗതിയുള്ളവരെ സംഘടിപ്പിച്ച് തൊഴിൽ സേനകൾ രൂപീകരിക്കുക

13. ഈ തൊഴിൽ സേനകൾക്കാവശ്യമായ പരിശീലനങ്ങൾ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് ലഭ്യമാക്കുക.

14.തൊഴിൽ സേനകൾക്കാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ തദ്ദേശ സ്ഥാപനതല പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുക

15. തദ്ദേശതലസ്ഥാപനങ്ങൾ, വ്യവസായ വകുപ്പ്, K –DISC, സ്മോൾ ഫാർമേഴ്സ് അഗ്രികൾച്ചറൽ ബിസിനസ് കൺസോർഷ്യം (SFAC), അസാപ് (ASAP), കെ.എ.എസ്.ഇ (KASE), കുടുംബശ്രീ (DDUGKY) മുതലായ ഏജൻസികളുടെ സംരംഭകത്വ വികസന പരിപാടികൾ, നൈപുണ്യവികസനം എന്നീ പരിപാടികൾ ഉപയോഗപ്പെടുത്തുന്നതിന് ശ്രമങ്ങൾ നടത്തുക. അതിനായി അപേക്ഷകരെ കണ്ടെത്തുകയും പ്രോത്സാഹിക്കുകയും ചെയ്യുക.

16. ഈ ഏജൻസികളുടെ വിവിധ പദ്ധതികൾ ആവശ്യപ്പെടുന്ന പ്രകാരമുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും ഓഫീസ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും സഹായം നൽകുക. വിവിധമേഖലകളിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക

17. ഓരോ ക്ലബ്ബിനും നേതൃത്വം നൽകുന്നതിനുള്ള ഭാരവാഹികളെ ഓരോ വർഷവും അതാത് ക്ലബുകൾ തെരഞ്ഞെടുക്കണം.

18. തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ ക്ലബുകളുടെ കൺസോർഷ്യം രൂപീകരിക്കാവുന്നതാണ്.

**തൊഴിൽസഭ– പരിശീലനങ്ങൾ**

തൊഴിൽസഭകളുടെ നടത്തിപ്പും തുടർപ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട പരിശീലനങ്ങൾ കിലയുടെ നേതൃത്വത്തിൽ നടത്തുന്നതാണ്.

**തൊഴിൽസഭ നടത്തിപ്പ് – സമയക്രമം**

തൊഴിൽസഭ സംഘാടനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | തിയ്യതി |
|---|---|---|---|
| 1 | തദ്ദേശസ്ഥാപനതല ആലോചനായോഗം | അദ്ധ്യക്ഷൻ | |
| 2 | തദ്ദേശസ്ഥാപനതല സംഘാടക സമിതി | അദ്ധ്യക്ഷൻ | |
| 3 | വാർഡ് തല സംഘാടക സമിതി | വാർഡ് മെമ്പർ | |
| 4 | തൊഴിൽസഭ കോർഡിനേറ്റർമാരുടെ നിയമനം | തദ്ദേശസ്ഥാപനം | |

| | | | |
|---|---|---|---|
| 5 | തൊഴിൽസഭ ലീഡുകളെ  നിശ്ചയിച്ച് ചുമതലകൾ ഏൽപ്പിക്കൽ | തദ്ദേശസ്ഥാപനം | |
| 6 | തൊഴിൽസഭ ഫെസിലിറ്റേഷൻ ടീം രൂപീകരണം | തദ്ദേശസ്ഥാപനം | |
| 7 | ക്യാമ്പയിൻ  പ്രവർത്തനങ്ങൾ | തദ്ദേശസ്ഥാപനം | |
| 8 | തൊഴിൽസഭ യോഗങ്ങൾ | തദ്ദേശസ്ഥാപനം | |